## ഐ സി എ ആർ -കേന്ദ്ര ഉൾനാടൻ മത്സ്യഗവേഷണ സ്ഥാപനം

## ബാരക്ക്പൂർ, കൊൽക്കത്ത -700120

# കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ പി.എഫ്. സി. എസ്./ റിസർവോയർ, തണ്ണീർത്തട മത്സ്യത്തൊഴിലാളികൾക്കുള്ള ഉപദേശങ്ങൾ

മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രവർത്തനങ്ങൾക്കായി മത്സ്യത്തൊഴിലാളികൾ വീട്ടിൽ നിന്ന് പുറത്തുപോകുന്ന സമയത്ത് ചെറിയ ഗ്രൂപ്പുകളായി പ്രവർത്തിക്കണം. അവർ സംരക്ഷണ മാസ്കുകൾ / കവർ ധരിക്കുകയും ഇടയ്ക്കിടെ കൈകഴുകുകയും വൃത്തിയാക്കുകയും വേണം, ഒപ്പം സാമൂഹിക അകലം പാലിക്കുകയും വേണം. മത്സ്യം പൊതിഞ്ഞു കൊടുക്കുമ്പോഴും കൈകാര്യം ചെയ്യുമ്പോഴും ഗ്ലോവ്സ് ഉപയോഗിക്കണം. രോഗം പടരാതിരിക്കാൻ ആരോഗ്യമുള്ള വ്യക്തികളെ മാത്രം ഈകാര്യങ്ങളിൽ ഉൾപ്പെടുത്തുക.




A. വെള്ളപ്പൊക്ക തണ്ണീർത്തടങ്ങൾക്കും കാലിക ജലസംഭരണികൾക്കും മത്സ്യവിളവെടുപ്പ് മിനിമം മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി ശുപാർശ ചെയ്യുന്നു.

B. നാമമാത്ര മത്സ്യത്തൊഴിലാളികൾ വ്യക്തിഗതമായി വീശുവലകളും തണ്ടാടിവളകളും കെണികളും പ്രവർത്തിപ്പിക്കാവുന്നതാണ്

വറ്റാത്ത ജലാശയങ്ങളിൽ സമൂഹവിളവെടുപ്പു നിർത്തിവെക്കേണ്ടതാണ്. നാമമാത്ര മത്സ്യത്തൊഴിലാളികൾ ഒന്നോ രണ്ടോ പേരേ മാത്രം ഉൾപ്പെടുത്തി വട്ടത്തോണിയിലും വഞ്ചിയിലും തണ്ടാടിവല ഉപയോഗിച്ച് മത്സ്യബന്ധനത്തിൽ ഏർപ്പെടാവുന്നതാണ്



കൂടുകൃഷി, വള്ളപ്പുകൃഷി എന്നിവയുടെ കാര്യത്തിൽ ഒന്നോ രണ്ടോ ആരോഗ്യം ഉള്ള വ്യക്തികളെ ഉൾപ്പെടുത്തി ദൈന്യം ദിനപ്രവർത്തനങ്ങളായ മത്സ്യനിരീക്ഷണവും തീറ്റകൊടുക്കലും നടത്താവുന്നതാണ്. വിള നാശവും ഉയർന്ന മരണ നിരക്കും ഒഴിവാക്കാൻ അടച്ചുകെട്ടലുകളിലെ മത്സ്യങ്ങൾക്കു പതിവായി തീറ്റകൊടുക്കേണ്ടതാണ്. നിശ്ചിത ഇടവേളകളിൽ വലകൾ, ബക്കറ്റുകൾ,ഭക്ഷണ തട്ടങ്ങൾ തുടങ്ങിയ മത്സ്യബന്ധന ഉപകരണങ്ങൾ അണുനശീകരിക്കുകയും ശുചീകരിക്കുകയും ചെയ്യേണ്ടതാണ് .




തുറന്ന തണ്ണീർത്തടങ്ങളിൽ മത്സ്യങ്ങൾക്ക് തീറ്റ കൊടുക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യ സഹകരണ സംഘങ്ങൾ മീൻതീറ്റ 50 % ആയി പരിമിത പെടുത്തേണ്ടതാണ്. ഈ സംഘങ്ങൾ നിലവിലെ ഉയർന്ന മത്സ്യ സാന്ദ്രത കണക്കിലെടുത്തു ജലാശയത്തിൽ ഓക്സിജൻ അളവുകൾ പരിശോധിക്കേണ്ടതാണ്.

പ്രജനനവും ചെറുമത്സ്യപരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്ന ഹാച്ചറികളിൽ ശുചിത്വ മാർഗനിർദേശങ്ങളും സാമൂഹിക അകലവും പാലിക്കണം. നഴ്സറികളിലെയും പരിപാലന കുളങ്ങളിലെയും പ്രാരംഭ ഒരുക്കങ്ങൾ ആവശ്യം ആയ സ്വയസംരക്ഷണ മുൻകരുതലുകളെടുത്തു നിർവഹിക്കേണ്ടതാണ്.




പി.എഫ്. സി. എസ്. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപെട്ട മത്സ്യത്തൊഴിലാളികൾക്കു സംസ്ഥാനവകുപ്പുകളുടെയും ഇതര സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ സുരക്ഷയും മുഖാവരണത്തിന്റെയും സോപ്പ്, ശുചിത്വലായനി എന്നിവയുടെയും ലഭ്യതയും ഉറപ്പുവരുത്തേണ്ടതാണ്.

മത്സ്യബന്ധനത്തിൽ ഏർപ്പെട്ട ബോട്ടുകൾ കറക്ക്അടുക്കുമ്പോൾ തിക്കും തിരക്കും ഉണ്ടാകാതിരിക്കാൻ മുൻകരുതലുകൾ എടുക്കേണ്ടതാണ്. ഇവ പ്രാദേശിക മത്സ്യച്ചന്തകളിൽ വിറ്റഴിക്കേണ്ടതാണ്

**Nets/traps/boats etc. to be sanitized after each operation and healthy individuals only should operate same craft to minimize risk of contact transmission**



വിളവെടുത്ത മത്സ്യങ്ങൾ മത്സ്യച്ചന്തകളിൽ വിറ്റഴിക്കേണ്ടതിനു ചെറിയ മത്സ്യത്തൊഴിലാളിസംഘങ്ങൾ അതു വാങ്ങി, നിയുക്ത മൂന്നോ നാലോ വ്യക്തികൾക്കു കൈമാറി ,മുൻപേ നിശ്ചയിക്കപ്പെട്ട ചന്തകളിൽ എത്തിക്കേണ്ടതാണ് . ഐസിന്റെ ലഭ്യതയും ഉചിതമായ മത്സ്യവിപണനത്തിന് ആവശ്യമായ സൗകര്യവും സംസ്ഥാന മത്സ്യവകുപ്പു ഉറപ്പുവരുത്തേണ്ടതാണ്

വലകൾ, കെണികൾ, ബോട്ടുകൾ എന്നിവ ഓരോ പ്രവർത്തനത്തിന് ശേഷവും ശുചീകരിക്കുകയും ആരോഗ്യം ഉള്ള വ്യക്തികൾ മാത്രം അതേ മത്സ്യബന്ധന ഉപകരണങ്ങൾ വീണ്ടും ഉപയോഗിക്കുകയും ചെയ്യാൻ പാടുള്ളു

മാർക്കറ്റുകളിൽ നിന്ന് മത്സ്യ തീറ്റ, വളങ്ങൾ രാസികനിവേശങ്ങള് (ഓക്സിജൻ ഗുളികകൾ സിയോളിറ്റ് എന്നിവ) വാങ്ങിക്കുന്നതിനും മത്സ്യവിപണനത്തിനും കേന്ദ്രസർക്കാരിന്റേയും സംസ്ഥാനസർക്കാരിന്റേയും അറിയിപ്പികളും മാർഗനിർദേശങ്ങളും നിർബന്ധമായും പാലിക്കേണ്ടതാണ് .

വിശദവിവരങ്ങൾക്കു ബന്ധപെടുക
ഡയറക്ടർ,
ഐ സി എ ആർ- സി ഐ എഫ് ആർ ഐ
ബാരക്ക്പൂർ